എൻ സങ്കടങ്ങൾ സകലതും തീർന്നുപോയി

സംഹാരദൂതനെന്നെ കടന്നു പോയി –2

കുഞ്ഞാടിന്റെ വിലയേറിയ നിണത്തിൽ

മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ടാ ക്ഷണത്തിൽ

എൻ സങ്കടങ്ങൾ...1

ഫറവോന്നു ഞാനിനി അടിമയല്ല – 2

പരമ സീയോനിൽ ഞാൻ അന്യനല്ല – 2

എൻ സങ്കടങ്ങൾ...1

മാറായെ മധുരമാക്കി തീർക്കുമവൻ – 2

പാറയെ പിളർന്ന് ദാഹം പോക്കുമവൻ – 2

എൻ സങ്കടങ്ങൾ...1

മരുവിലെൻ ദൈവമെനിക്കധിപതിയെ – 2

തരുമവൻ പുതുമന്ന അനുമതിയെ – 2

എൻ സങ്കടങ്ങൾ...1

മനോഹരമായ കനാൻ ദേശമേ – 2

അതേ എനിക്കഴിയാത്തൊരവകാശമെ – 2

എൻ സങ്കടങ്ങൾ...1

ആനന്ദമേ പരമാനന്ദമേ – 2

കനാൻ ജീവിതമെനിക്കാനന്ദമേ – 2

എൻ സങ്കടങ്ങൾ...1

എന്റെ ബലവും എന്റെ സംഗീതവും – 2

എൻ രക്ഷയും യേശുവത്രെ ഹാലേലുയ്യ – 2

എൻ സങ്കടങ്ങൾ... 1